**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1284** **01-02-2024 - ൽ മറുപടിയ്ക്ക്**

**മഞ്ചേരി മണ്ഡലത്തിലെ പൊതുമരാമത്ത (കെട്ടിട) വിഭാഗം പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു. എ. ലത്തീഫ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പാണ്ടിക്കാട് റസ്റ്റ്ഹൗസിന് വേണ്ടി പുതുതായി കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ട നടപടികൾ ഏതു വരെയായി എന്ന് വിശദമാക്കാമോ; റസ്റ്റ് ഹൗസിന്റെ പണി എത്ര നാൾ കൊണ്ട് പൂർത്തിയാക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ; | (എ) | **പാണ്ടിക്കാട് റസ്റ്റ്ഹൗസിന് വേണ്ടി പുതുതായി കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ട ഭരണാനുമതിയ്ക്കായി കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.** |
| (ബി) | മഞ്ചേരി ഗവ. പോളിടെക്നിക് കോളേജിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് കെട്ടിടനിർമ്മാണത്തിന് ഡീറ്റൈൽഡ് പ്രൊജക്റ്റ് റിപ്പോർട്ട് (ഡി.പി.ആർ.) സമർപ്പിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | പ്രവൃത്തി നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകാനായുള്ള പ്രൊപ്പോസൽ **കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ,** Directorate of Technical Education-ന് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ കെട്ടിടത്തിന് ഫണ്ട് അനുവദിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (സി) | ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് **കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.** |
| (ഡി) | മഞ്ചേരിയിൽ സർക്കാർ നഴ്സിംഗ് കോളേജിന്റെ കെട്ടിടനിർമ്മാണത്തിന് 2017-ൽ 14 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നുവെങ്കിലും ഈ പ്രവൃത്തി ടെണ്ടർ ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; പണി എന്ന് പൂർത്തിയാക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ? | (ഡി) | മഞ്ചേരി ഗവൺമെന്റ് നഴ്സിംഗ് കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിനായി പ്ലാൻ തയ്യാറാക്കുകയും ആയത് അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ നഴ്സിംഗ് കോളേജും. നഴ്സിംഗ് സ്കൂളും നിർമ്മിക്കുന്നത് പരിഗണിക്കുന്നതിനായി നിർദ്ദേശം വരികയും ആയതിന്റെ അടിസ്ഥാനത്തിൽ 10/10/2023-ൽ മലപ്പുറം എക്സിക്യൂട്ടിവ് എൻജിനീയറുടെ കാര്യാലയത്തിൽ നഴ്സിംഗ് സ്കൂൾ, കോളേജ് പ്രിൻസിപ്പാൾമാരുടെ സംയുക്ത യോഗം നടത്തി 18/10/2023 തീയതിയിൽ ആർക്കിടെക്ടിനെ ഉൾപ്പെടുത്തി പ്ലാൻ തയ്യാറാക്കുന്നതിനായി നിർദ്ദിഷ്ട സ്ഥലം സംയുക്ത പരിശോധന നടത്തുകയും ചെയ്തിരുന്നു. 16/01/2024 ന് ജില്ലാ വികസന കമ്മീഷണറുടെ ചേമ്പറിൽ ആർക്കിടെക്ട്, പൊതുമരാമത്ത് വകുപ്പ്, നഴ്സിംഗ് കോളേജ്, സ്കൂൾ പ്രിൻസിപ്പൾമാർ ഉൾപ്പെടെ മീറ്റിംഗ് ചേരുകയും ആർക്കിടെക്ട് തയ്യാറാക്കിയ പ്ലാൻ ചർച്ച |

| | | | |
|---|---|---|---|
| | | | ചെയ്യുകയുമുണ്ടായി. സ്ഥലത്തിന്റെ സ്കെച്ച് ആർക്കിടെക്റ്റിന് നൽകി ഫൈനൽ പ്ലാൻ തയ്യാറാക്കുന്നതിന് നൽകിയിട്ടുണ്ട്. ഫൈനൽ പ്ലാൻ തയ്യാറാക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ